പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 474 — 17.05.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ വിഘടിപ്പിക്കുക (Unbundle) എന്ന ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ ശ്രീ.ശാന്തകുമാർ എം.പി. യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതിയുടെ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ ; | കേന്ദ്രസർക്കാർ ശ്രീ.ശാന്തകുമാർ എം.പി. യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതി യുടെ പരിശോധനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി), (സി) & (ഡി) | (ബി) കമ്മറ്റിയുടെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;<br>(സി) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്തണമെന്നും ഭക്ഷ്യധാന്യങ്ങൾക്ക് മിനിമം താങ്ങുവില നിശ്ചയിക്കുന്ന രീതി ഒഴിവാക്കണമെന്നും ഭക്ഷ്യധാന്യത്തിന് പകരം ആധാർ ബന്ധിതമോ ജൻധൻ പദ്ധതിയുമായി സംയോജിപ്പിച്ചോ ധാന്യത്തിന് പകരം പണം നൽകി ഭക്ഷ്യ മേഖലയിൽ സർക്കാർ സബ്സിഡിയിനത്തിലുള്ള ചെലവു കുറയ്ക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇവ ഭക്ഷ്യ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന് പരിശോധിച്ചിരുന്നോ ;<br>(ഡി) കമ്മറ്റിയുടെ മുമ്പാകെ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുന്നതിനായി ആരൊക്കെയാണ് നിയോഗിക്കപ്പെട്ടിരുന്നതെന്നും ഇവർ മുഖേന മുൻ സർക്കാർ സ്വീകരിച്ച നിലപാട് എന്തെന്നും അറിയിക്കാമോ ? | ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, പൊതു വിതരണ സമ്പ്രദായം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ സംബന്ധിച്ചും എഫ്.സി.ഐ യുടെ സംഭരണ വിതരണ സൗകര്യങ്ങൾ, തൊഴിലാളി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും പൊതു വിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവത്കരണം സംബന്ധിച്ചും സമിതി വിവിധ ശിപാർശകൾ നല്കിയിരുന്നു. ഭക്ഷ്യ കമ്മി സംസ്ഥാനങ്ങൾക്ക് പൊതു വിതരണ സമ്പ്രദായത്തിൽ അതാത് സംസ്ഥാനങ്ങളുടെ താല്പര്യത്തിന് അനുസരിച്ച് പണം അല്ലെങ്കിൽ ഭക്ഷ്യധാന്യം നല്കുന്ന രീതി നടപ്പിലാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നിലവിലെ രീതി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാനം തീരുമാനം ഒന്നും എടുത്തിട്ടില്ല. പ്രസ്തുത സമിതിയുടെ ശിപാർശകൾ ഭക്ഷ്യ മേഖലയെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. സിവിൽ സപ്ലൈസ് കമ്മീഷണറും ഭക്ഷ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുമാണ് കമ്മിറ്റി യോഗത്തിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സമിതിയുടെ പരിശോധനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1) FCI യുടെ നിലവിലുള്ള ഭരണ-പ്രവർത്തന-സാമ്പത്തിക ഘടനയും വിവിധ പ്രവർത്തന രീതികളും പരിശോധിക്കുക.

2) സാമ്പത്തിക നിർവഹണവും പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കത്തക്ക രീതിയിൽ FCI യുടെ പുനസംഘടനയുടെ വിവിധ രീതികളെക്കുറിച്ച് പഠിക്കുകയും ഏറ്റവും യോജിച്ച രീതി നിർദ്ദേശിക്കുകയും ചെയ്യുക.

3) FCI യുടെ ഭക്ഷ്യധാന്യ വിനിമയത്തിൽ ആകമാന പുരോഗതിയ്ക്കാവശ്യമായ നടപടികൾ നിർദ്ദേശിക്കുക.

4) MSP ഓപ്പറേഷൻസ്, ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, വിതരണം, രാജ്യത്തെ ഭക്ഷ്യ സുരക്ഷാ സംവിധാനം തുടങ്ങിയ FCI യുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

5) രാജ്യത്തെ ഭക്ഷ്യധാന്യങ്ങളുടെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുക.

6) ഭക്ഷ്യധാന്യ സംഭരണത്തിന് ശാസ്ത്രീയവും കൂടുതൽ കാര്യക്ഷമവും ഫലപ്രദവും എന്നാൽ ചെലവു കുറഞ്ഞതുമായിട്ടുള്ള മാതൃകകളും ചരക്ക കടത്തിന് ഏറ്റവും ചെലവു കുറഞ്ഞതും യുക്തിസഹവുമായിട്ടുള്ള മാർഗ്ഗങ്ങളും കണ്ടെത്തി നിർദ്ദേശിക്കുക.

7) ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിനും വിതരണത്തിനും വേണ്ടി നിലവിലുള്ള സാങ്കേതിക വിദ്യയുടെ നവീകരണത്തിനുള്ള നിർദ്ദേശങ്ങൾ നല്കുക.

സെക്ഷൻ ഓഫീസർ